പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2109 22.01.2014 ൽ മറുപടിക്ക്

## പോലീസുകാരുടെ സീനിയോറിറ്റി ക്രമപ്പെടുത്താൻ നടപടി

| ചോദ്യം<br><br>ശ്രീമതി.പി.അയിഷാ പോറ്റി | മറുപടി<br><br>രമേശ് ചെന്നിത്തല<br><br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| **എ)** ഒരേ പി.എസ്.സി ലിസ്റ്റിൽ നിന്നും കെ.എ.പി 3-ാം ബറ്റാലിയനിൽ പരിശീലനം പൂർത്തീകരിച്ച് ഓപ്ഷൻ പ്രകാരം പത്തനംതിട്ട ജില്ലയിലേയ്ക്ക് സ്ഥലം മാറിയ ശേഷം റേഞ്ച് പ്രൊമോഷൻ പ്രകാരം പോലീസുകാർ കൊല്ലം ജില്ലയിൽ സീനിയർ സബ് ഇൻസ്പെക്ടർമാരായി നിയമിക്കപ്പെടുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **ബി)** അപ്രകാരം നിയമിക്കപ്പെടുമ്പോൾ അതേ പി.എസ്.സി ലിസ്റ്റിൽ പെട്ട് പരിശീലനം പൂർത്തീകരിച്ച പോലീസുകാർ കൊല്ലം ജില്ലയിൽ എച്ച്.സി. ആയി മാത്രം ജോലിയിൽ തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| **സി)** ഒരേ ബാച്ചുകാരായി ഒരേ ബറ്റാലിയനിൽ പരിശീലനം പൂർത്തീകരിക്കുകയും ഓപ്ഷൻ നൽകി ജില്ല മാറിയ ശേഷം റേഞ്ച് പ്രൊമോഷൻ വഴി ഉണ്ടാകുന്ന ഈ സീനിയോറിറ്റി പ്രശ്നം ക്രമപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ? | **(സി)** നിലവിലെ നിയമം അനുസരിച്ച് ഇതൊരു സീനിയോറിറ്റി പ്രശ്നമായി ഉന്നയിക്കാനാവില്ല. ബന്ധപ്പെട്ട റേഞ്ച് ഐ.ജി. തലത്തിൽ തയ്യാറാക്കുന്ന സീനിയോറിറ്റി ലിസ്റ്റിൽ നിന്നാണ് ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച് എച്ച്.സി മുതൽ എ.എസ്.ഐ വരെയും എ.എസ്.ഐ മുതൽ എസ്.ഐ വരെയുമുള്ളവർക്ക് പ്രൊമോഷൻ നൽകുന്നത്. ഇതിൽ എച്ച്.സി മാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ |

| | |
|---|---|
| | എച്ച്.സി ലിസ്റ്റ് ക്രമപ്പെടുത്തിക്കൊണ്ടാണ്. ഓരോ ജില്ലയിലെയും പോലീസ് കോൺസ്റ്റ ബിൾമാരുടെ ക്രമപ്പെടുത്തിയ സീനിയോ രിറ്റി ലിസ്റ്റിൽ നിന്നാണ് അതാത് ജില്ലയിലെ എച്ച്.സി മാരുടെ ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നത്. നിലവിലെ നിയമമനുസരിച്ച് ടി മൂന്ന് ജില്ല കളിൽ നിന്നും എച്ച്.സി.മാരായി പ്രൊമോ ഷൻ ലഭിച്ചവരുടെ ലിസ്റ്റ് റേഞ്ച് തലത്തിൽ പരിശോധിച്ച് ക്രമപ്പെടുത്തി പ്രസിദ്ധികരി ച്ചാണ് എ.എസ്.ഐ മാരുടെ പ്രൊമോഷ നുവേണ്ടിയുള്ള എച്ച്.സിമാരുടെ സീനി യോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ